## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2322

23.03.2012 ൽ
മറുപടിക്ക്

### പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന നിലവാരം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ. വി. വിജയദാസ് : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ നിലവിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നു വെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനത യിലുള്ള പൊതുമേഖലാ സ്ഥാപന ങ്ങളിൽ 2011-12 സാമ്പത്തിക വർഷത്തെ ലാഭനഷ്ട കണക്കുകൾ 2012 ഏപ്രിൽ മാസം 10-ാം തീയതിയോടുകൂടി മാത്രമേ സ്ഥാപനങ്ങൾ ക്രോഡീകരിച്ചു വരികയുള്ളു ഇതിനു ശേഷമേ സ്ഥാപനങ്ങളുടെ ലാഭനഷ്ടക്കണക്കു കളുടെ യഥാർത്ഥ സ്ഥിതി അറിയുവാൻ കഴിയുകയുള്ളു. |
| (ബി) നഷ്ടത്തിലുള്ളവ പുനരുദ്ധരിയ്ക്കാൻ പ്രത്യേക കർമ്മ പരിപാടി സർക്കാർ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; (സി) ഇല്ലെങ്കിൽ ആയത് സമയബന്ധിതമായി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) & (സി) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം ലാഭകരമാക്കുന്നതിനും കാര്യക്ഷമതയും ഉറപ്പുവരുത്താൻ പ്രവർത്തന അവലോകനം നടത്താനും ഡയറക്ടർ ബോർഡുകളിലും ഉയർന്ന തസ്തികകളിലും യോഗ്യതയും പരിചയസമ്പത്തും ഉള്ളവരെ ഉൾപ്പെടുത്താനും ഉദ്ദേശിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസും റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡും സംയോജിപ്പിച്ച് ഒരു പബ്ലിക് സെക്ടർ എന്റർപ്രൈസ് ബോർഡ് രൂപീകരിക്കുന്നതിനു ഉദ്ദേശിക്കുന്നു

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ ഇടപാടുകളിൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുന്നതിന് ഇലക്ട്രോണിക് പ്രൊക്യൂർമെന്റ് സംവിധാനം നടപ്പിലാക്കും

ടെക്സ്റ്റൈൽ മേഖലയുടെ സമഗ്രപുനരുദ്ധാരണത്തിനായി 60 കോടി രൂപയുടെ പ്രത്യേക പാക്കേജ് ആവിഷ്കരിച്ചു വരുന്നു.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പദ്ധതികൾക്കായി 2012-13 സാമ്പത്തിക വർഷത്തിൽ 70.20 കോടി രൂപ സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ഇതുകൂടതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്ന തിനായി സർക്കാരിന്റെ ഒരു വർഷത്തെ കർമ്മപരിപാടികളിലുൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

മലബാർ സിമന്റ്സിൽ ലഭ്യമായിട്ടുള്ള വിവരസാങ്കേതിക സാങ്കേതിക സൗകര്യങ്ങൾ ഉപയോഗിച്ച് മറ്റു പൊതുമേഖലാസ്ഥാപനങ്ങളിൽ E-tendering, e-procurement എന്നീ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

നിർമ്മാണം പൂർത്തീകരിച്ച പുതിയ വ്യവസായ സംരംഭങ്ങൾ പ്രവർത്തനക്ഷമ മാക്കുന്നതിന്റെ ഭാഗമായി ഒൻപത് പൊതുമേഖലാസ്ഥാപനങ്ങളിലും ജീവനക്കാരെ നിയമിച്ച് വ്യാവസായികാടിസ്ഥാനത്തിൽ ഉൽപാദനം തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കേന്ദ്ര പൊതുമേഖലയുമായുള്ള സംയുക്ത സംരഭങ്ങളായ SCL-SAIL, Autokast-Railway എന്നീ പദ്ധതികൾ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ മാതൃകയിൽ MOU സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമായി 2012-13 ൽ 20 പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കുനതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളിൽ അനുവർത്തിക്കുന്നതു പോലെ സാമൂഹിക പ്രതിബദ്ധത പദ്ധതികൾ ആവിഷ്കരിക്കുന്നതിനും MoU സംവിധാനത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്.

Accountant General യുമായി യോജിച്ചുകൊണ്ടുള്ള പെർഫോമൻസ് ആഡിറ്റ് സംവിധാനം

പൊതുമേഖലാ സ്ഥാപനങ്ങങ്ങളിലെ പ്രൊക്യൂർമെന്റ് സംവിധാനം സുതാര്യമാക്കുന്നതിനുവേണ്ടി കേന്ദ്ര വിജിലൻസ് കമ്മീഷന്റെ നിർദ്ദേശ പ്രകാരം Independent External Monitor (IEMs) കളെ നിയമിക്കുന്നതിനുവേണ്ടി ഒരു പാനൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ റിയാബ് മുഖേന സ്വീകരിച്ചുവരുന്നു.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതികൾക്കായി 2011-12 സാമ്പത്തിക വർഷത്തിൽ 54.10 കോടി രൂപ സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഈ തുകയിൽ 10 കോടിരൂപ KELTRON ന്റെ നവീകരണമുൾപ്പെടെയുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും പ്രത്യേകം വകയിരുത്തിയിട്ടുണ്ട്. കമ്പനികൾക്ക് അനുവദിച്ച സഹായത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

ടെക്സ്റ്റൈൽ മേഖലയുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി Kerala State Textile Corporation Ltd, Texfed ന്റെ അധീനതയിൽ വരുന്ന സ്പിന്നിംഗ് മില്ലുകൾ എന്നിവയ്ക്കായി 14 കോടിരൂപയുടെ പദ്ധതിയ്ക്ക് അംഗീകാരവും ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

മേൽപ്പറഞ്ഞവ കൂടാതെ Steel Complex Ltd, Kerala Electrical & Allied Engineering Company Ltd, Sitaram Textiles, Kerala Automobiles Ltd, SILK, Forest Industries Travancore Ltd, Kerala State Drugs & Pharmaceuticals Ltd, Keltron Component Complex Ltd, KSEDC എന്നീ സ്ഥാപനങ്ങളുടെ നവീകരണപ്രവർത്തനങ്ങൾക്കായും പ്രവർത്തന മൂലധനത്തിനുള്ള മാർജിൻമണിയിനത്തിലും ബഡ്ജറ്റിൽ നിന്ന് സഹായം അനുവദിച്ചു വരുന്നു.

സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകന സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു ഇന്റർനെറ്റ് അധിഷ്ടിത വെബ് പോർട്ടൽ RIAB ൽ സജ്ജമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ദൈനംദിന മോണിട്ടറിംഗ് സംവിധാനം [Daily Monitoring System], മാസംതോറുമുള്ള റിപ്പോർട്ടിംഗ് സംവിധാനം [Monthly Monitoring System] എന്നിവ ശക്തിപ്പെടുത്തുകയും, കമ്പനികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിക്കഴിഞ്ഞു.

സെക്ഷൻ ഓഫീസർ